## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1776** **20-06-2024 - ൽ മറുപടിയ്ക്ക്**

## പാലാ സർക്കാർ പോളിടെക്നിക്ക് കോളേജിലെ ആശ്രിത നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പാലാ സർക്കാർ പോളിടെക്നിക്ക് കോളേജിൽ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട അബി കെ. അലിയാരുടെ ഭാര്യ ശ്രീമതി. ജാസ്മോൾ എ.എം., ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | പാലാ സർക്കാർ പോളിടെക്നിക്ക് കോളേജിൽ ട്രേഡ് ഇൻസ്ട്രക്ടർ ആയിരിക്കെ മരണപ്പെട്ട അബി.കെ.അലിയാരുടെ ഭാര്യ ശ്രീമതി.ജാസ്മോൾ.എ.എം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും, എറണാകുളം ജില്ലാ കളക്ടറുടെയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ക്ലാർക്ക് തസ്തികയിൽ നിലവിൽ ഒഴിവു റിപ്പോർട്ട് ചെയ്ത ഏതെങ്കിലും ജില്ലയിലോ / അഥവാ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ വാലിഡ് അപേക്ഷ തീയതിയുടെ സീനിയോറിറ്റി ക്രമത്തിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ടിയാൾക്ക് നിയമനം നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യക്തിയ്ക്ക് ഇതുവരെ നിയമനം നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശ്രിത നിയമനത്തിനായി ശ്രീമതി ജാസ്മോൾ.എ.എം ഓപ്റ്റ് ചെയ്തത് എറണാകുളം ജില്ലയാണ്. എറണാകുളം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവ് ഇല്ലാത്തപക്ഷം മറ്റ് ജില്ലകളിൽ നിയമനത്തിന് താൽപ്പര്യം അറിയിച്ചുകൊണ്ടുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ എറണാകുളം ജില്ലയിലുൾപ്പടെ മറ്റു ജില്ലകളിൽ ക്ലാർക്ക് തസ്തികയുടെ ഒഴിവുകൾ നിലവിലില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിത ആയതിനാൽ, 24/5/1999 തീയതിയിലെ സ.ഉ(അച്ചടി)12/99/ഉ.ഭ.പ.വ നം സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വകുപ്പിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ ടിയാൾക്ക് ക്ലാർക്ക് തസ്തികയിൽ, അപേക്ഷയുടെ |

| | | | |
|---|---|---|---|
| | | | സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നല്കാൻ കഴിയുന്നതാണ്. |
| (സി) | പ്രസ്തുത നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ടിയാന് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശ്രിത നിയമനത്തിനായി ശ്രീമതി ജാസ്മോൾ.എ.എം ഓപ്റ്റ് ചെയ്തത് എറണാകുളം ജില്ലയാണ്. എറണാകുളം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവ് ഇല്ലാത്തപക്ഷം മറ്റു ജില്ലകളിൽ നിയമനത്തിന് താൽപ്പര്യം അറിയിച്ചുകൊണ്ടുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ എറണാകുളം ജില്ലയിലുൾപ്പടെ മറ്റു ജില്ലകളിൽ ക്ലാർക്ക് തസ്തികയുടെ ഒഴിവുകൾ നിലവിലില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിത ആയതിനാൽ, 24/5/1999 തീയതിയിലെ സ.ഉ(അച്ചടി)12/99/ഉ.ഭ.പ.വ നം സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വകുപ്പിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ ടിയാൾക്ക് ക്ലാർക്ക് തസ്തികയിൽ, അപേക്ഷയുടെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നല്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ